# Jerusalem Mar Thoma Church
## Jerusalem Doothan


*Vicar* | *Assistant Vicar*
**Rev. George Mathew** | **Rev. Joseph Johnny**
Phone: 2562475 | Phone: 2597630, 2599095


### ഈ ലക്കത്തിൽ


| | | |
|---|---|---|
| Editorial | - | Dr. Jacob George |
| വികാരിയുടെ സന്ദേശം | - | Rev. Geroge Mathew |
| സഹവികാരിയുടെ സന്ദേശം | - | Rev. Joseph Johnny |
| ദൈവം അയച്ച രണ്ടു പോലീസ് ഉദ്യോഗസ്ഥന്മാർ | - | ജസ്റ്റിസ് കെ.റ്റി. തോമസ് |
| Forgivness as healing of human brokenness | - | Rev. Dr. M.J. Joseph |
| വാർത്തകൾ അറിയിപ്പുകൾ | | |
| ബൈബിൾ ക്വിസ് | - | Mrs Anu Kovoor |


### എഡിറ്റോറിയൽ ബോർഡ്


1. Rev. George Mathew - 2562475
2. Rev. Joseph Johnny - 2599095
3. Mr. Kurian Joseph - 9349503821
4. Mrs. Merina Chacko - 9656944655
5. Dr. Joji John Panicker - 9526781674
6. Mr. K.I. Joseph - 9446273300
7. Mr. N.K. Kurian - 9446025728
8. Prof Dr. Jacob George (Editor) - 9447568137
9. Mr. Raju Thottumkal - 9446125186
10. Mr. Ninan Ipe Kovoor - 9447039161
11. Mrs. Mariamma Cherian - 9446025718




## Editorial

# ദർശനം കാണുന്ന യുവത്വം

ദർശനം മനുഷ്യനു മാത്രം നല്കപ്പെട്ടിരിയ്ക്കുന്നു. ആയിരിയ്ക്കുന്ന അവസ്ഥയിൽ നിന്നും ആകേണ്ട അവസ്ഥ മുൻകൂട്ടി കാണുന്നതാണ് ദർശനം. യൗവന കാലഘട്ടത്തിൽ അതിന് കൂടുതൽ പ്രാധാന്യം. കാരണം, കാലവും കരുത്തും അവർക്കാണ് അനുകൂലം. ആംഗലേയ കവി കിപ്ലിംഗ് യുവാക്കളോട് പറയുന്നത് ശ്രദ്ധേയമാണ്: 'നിങ്ങൾ ദർശനമുള്ളവരായിരിക്കണം. എന്നാൽ ദർശനത്തിൽ മാത്രം കുടുങ്ങുന്നതായിരിക്കരുത് നിങ്ങളുടെ ജീവിതം. ആ ദർശനം സാക്ഷാത്ക്കരിക്കുവാൻ ആവോളം പ്രയത്നിക്കുക.' ചരിത്രത്തിലെ വലിയ ദർശനങ്ങളിലൊന്ന് മാർട്ടിൻ ലൂഥർ കിങ് ജൂണിയറിന്റെ മനസ്സിൽ ഉതിർന്നതാണ്. അന്ന് കറുത്തവർഗ്ഗക്കാരൻ വെള്ളക്കാരനോടൊപ്പം തോൾ ചേർന്നു പ്രയത്നിക്കുകയും ജീവിക്കുകയും ചെയ്യുന്നത് അദ്ദേഹം സ്വപ്നം കണ്ടു. ആ സ്വപ്നമാണ് പിന്നീട് നെൽസൺ മണ്ടേലയിലൂടെയും ബാറക് ഒബാമയിലൂടെയും സാക്ഷാത്കരിക്കപ്പെട്ടത്.

ജൂൺ മാസം ഹരിതമാസമായി ഇടവക ആചരിച്ചു. സർവ്വേശന്റെ ദർശനമാണ് ഈ ഭൂമിയും അതിന്റെ സാദ്ധ്യതകളും. ആ ദർശനം ഉൾക്കൊണ്ടുകൊണ്ട് അതിനെ മനോഹരമാക്കി സംരക്ഷിയ്ക്കുക നമ്മുടെ കടമയും കർത്തവ്യവുമാണ്. അതിൽ നിന്നും പിന്തിരിഞ്ഞു ഭൂമിയെ മലിനമാക്കുകയും, അതിന്റെ സമ്പത്തുക്കളെ ദുർവിനിയോഗിക്കുകയും ചെയ്യുമ്പോൾ നാം ദൈവദർശനത്തിൽ നിന്നും അകന്നുപോകുന്നു. പലപ്പോഴും സർവ്വനാശത്തി

ലേയ്ക്കാണ് അത് നമ്മെ എത്തിയ്ക്കുക. ഗ്രീൻഫ്രട്ടേണിറ്റി സംഘടനയും യറുസലേം ഇടവകയും ചേർന്നു പള്ളിയിൽ വെച്ചു നടത്തിയ സെമിനാറിൽ പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും ലണ്ടൻ ബ്രൂണൽ യൂണിവേഴ്സിറ്റി പ്രൊഫസറുമായ ഡോ. അജിപീറ്റർ നടത്തിയ 'നാം ഇപ്പോൾ എവിടെ?' എന്ന പ്രഭാഷണം അത്തരം ഒരു മുന്നറിയിപ്പായിരുന്നു. ഇടവകജനങ്ങൾക്കൊപ്പം കോട്ടയത്തെ വിവിധ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും വിദ്യാർത്ഥികളും അധ്യാപകരും സെമിനാറിൽ സജീവമായി പങ്കെടുത്തു. ജൂൺ 11-ന് ഇടവകയും പരിസ്ഥിതി ഞായറായി ആഘോഷിച്ചു. കൃഷി വകുപ്പും മലയാള മനോരമയും സംഭാവന ചെയ്ത ചെടികളും വിത്തുകളും ഇടവകജനങ്ങൾക്ക് നല്കാൻ സാധിച്ചു എന്നത് കൃതാർത്ഥജനകമാണ്.

സഭയുടെ കേന്ദ്ര മത്സരങ്ങളിൽ സണ്ടേസ്കൂൾ വിദ്യാർത്ഥികളും സേവികാസംഘാംഗങ്ങളും ഇടവകജനങ്ങളും ധാരാളം സമ്മാനങ്ങൾ നേടി. അവരെ അഭിനന്ദിയ്ക്കുന്നു.

രാഷ്ട്രം പല സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങളിൽ കൂടി കടന്നു പോകുന്ന കാലഘട്ടമാണ്. പ്രശ്നങ്ങളെ അതിജീവിയ്ക്കാൻ ദൈവ കൃപ ധാരാളമായി ലഭിയ്ക്കട്ടെ എന്നു പ്രാർത്ഥിയ്ക്കുന്നു.

സ്നേഹപൂർവ്വം

**ഡോ. ജേക്കബ് ജോർജ്**

എഡിറ്റർ

## അടുത്ത ലക്കം തീം

***'അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ'***

ലേഖനങ്ങൾ, കവിതകൾ, ഓർമ്മക്കുറിപ്പുകൾ എന്നിവ ക്ഷണിക്കുന്നു.

*പത്രാധിപ സമിതി*



## ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ വരെയുള്ള പാഠം വായനക്രമം

### July 2017

| | | |
|---|---|---|
| July 2 | Sunday | Arthotty, Chungam |
| July 9 | Sunday | Pallibhagam |
| July 16 | Sunday | Kodimatha, Thirunakkara |
| July 23 | Sunday | Union Club, Karapuzha |
| July 30 | Sunday | Yuvajanasakhyam |

### August 2017

| | | |
|---|---|---|
| August 6 | Sunday | Chelliozhukom, M.T. Seminary |
| August 13 | Sunday | Deepthi Nagar |
| August 20 | Sunday | Keezhkunnu, Iranjal |
| August 28 | Sunday | Edavakamission |

### September 2017

| | | |
|---|---|---|
| September 3 | Sunday | Sunday School |
| September 10 | Sunday | Sevikasankham |
| September 17 | Sunday | Kalathipady, Manganam |
| September 24 | Sunday | Varissery, Kudayampady |

# ഇടവകവികാരിയുടെ സന്ദേശം

മനുഷ്യജീവിതത്തിന്റെ വസന്ത കാലഘട്ടമാണ് യൗവ്വനം. ബാല്യക്കാർ അതിവേഗം യുവത്വത്തിലേക്കും വർദ്ധകൃത്തിലിരിക്കുന്നവർ അത്യുത്സാഹത്തോടെ യൗവ്വനത്തിലേക്കും മടങ്ങിപ്പോകുന്നതിന് വെമ്പൽ കൂട്ടുന്ന കാഴ്ച സർവ്വസാധാരണമാണ്. സ്വപ്നങ്ങളും ദർശനങ്ങളും ഏറ്റവും കൂടുതൽ നെയ്തെടുക്കുന്നത് യൗവ്വനത്തിലാണ്. സാധാരണ കാര്യങ്ങളിൽ നാം അസാധാരണത്വം ദർശിക്കുന്നവരാകണം. കണ്ണുണ്ടെങ്കിലും ഒന്നും കാണാത്തവരുണ്ട്. അവർ നോക്കും; കാണേണ്ടത് കാണുകയില്ല. ആപ്പിൾ മരത്തിൽ നിന്നും ഒരു ആപ്പിൾ താഴേക്കു വീണു. സർ ഐസക് ന്യൂട്ടൺ ചിന്തിക്കുവാൻ തുടങ്ങി. എന്തുകൊണ്ടാണ് ആപ്പിൾ മുകളിലേക്കു പോകാതെ താഴെക്കു വീണത്. ഇതാണ് ഭൂഗുരുത്വം (cenre of gravity) എന്ന് അദ്ദേഹം കണ്ടെത്തി.

പാത്രത്തിൽ വെള്ളം തിളയ്ക്കുന്നതുമൂലം ഉണ്ടായ നീരാവിയുടെ ശക്തിയെ മനസ്സിലാക്കിയ ജെയിംസ് വാട്ട് ആവി എഞ്ചിൻ (Steam Engine) കണ്ടു പിടിച്ചു. ഇതുപോലെ നമുക്കും സാധാരണ സംഭവങ്ങളിലെ അസാധാരണത്വം ദർശിക്കുവാനും അവയെ ലോകത്തിന് അനുഗ്രഹമായി സമ്മാനിക്കുവാനും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ആധുനിക ദൈവശാസ്ത്രജ്ഞനായി വിളങ്ങിയ മോൾട്ട്മാൻ സൈനിക സേവനത്തിലായിരിക്കുമ്പോൾ 'ഓപ്പറേഷൻ ഗോമേറ' എന്ന ആക്രമണം നടന്നു. പതിനായിരക്കണക്കിന് ആളുകൾ ബോംബാക്രമണത്തിൽ മരിച്ചു വീഴുന്നതിന് ദൃക്സാക്ഷിയായ അദ്ദേഹത്തിന്റെ മനസ്സിൽ ചില ചോദ്യങ്ങൾ ഉയർന്നു. എന്തുകൊണ്ട് ഞാൻ ജീവിച്ചിരിക്കുന്നു? എന്തുകൊണ്ട് ഞാൻ മരിച്ചില്ല? ഈ ദുരിതാനുഭവത്തിന്റെ സമയത്ത് ദൈവം എവിടെയാണ്? ഈ ചോദ്യങ്ങൾ കൂടുതൽ ആത്മീയ അന്വേഷണത്തിന് വഴി മരുന്നിട്ടു.



മിലട്ടറി ചാപ്ലെയിൻമാരുമായുള്ള സംസർഗ്ഗം അദ്ദേഹത്തെ ക്രിസ്തുവിനോട് അടുപ്പിച്ചു. ക്രൂശിതനായ ദൈവം ദുരിതാനുഭവങ്ങളിൽ നിന്ന് ഓടി ഒളിക്കുന്നവനല്ല. അത്തരം ഇരുണ്ട അനുഭവങ്ങളിൽ സന്നിഹിതനാണെന്നുള്ള അദ്ദേഹത്തിന്റെ കണ്ടെത്തലാണ് പ്രത്യാശയുടെ ദൈവശാസ്ത്രം (Hope Theology) രൂപപ്പെടുത്താൻ ഇടയായത്. നമ്മോടൊപ്പം പഠിച്ചവരും നമ്മെക്കാൾ പ്രായം കുറഞ്ഞവരുമൊക്കെ ഈ ലോകം വിട്ടു പോയിട്ടും നമ്മെ ദൈവം ഇന്നും നിലനിർത്തുന്നതിന്റെ പിന്നിലുള്ള ദൈവോദ്ദേശ്യത്തിന്റെ ദർശനം നാം കാണണം. നമ്മോടു തന്നെ നാം ചോദ്യങ്ങൾ ചോദിക്കണം. ദൈവത്തോടൊത്ത് ദർശനമുള്ള ഉത്തരങ്ങൾ കണ്ടെത്തി നാം മറ്റുള്ളവർക്ക് അനുഗ്രഹമാകണം.

റിഹേഴ്സൽ ഇല്ലാത്ത നാടകമാണ് നമ്മുടെ ജീവിതം. ഇവിടെ ഒരു നല്ല വഴികാട്ടിയെ നമുക്കാവശ്യമാണ്. ജീവിതാന്ത്യത്തിൽ 'എല്ലാം നിവൃത്തിയായി' എന്നുരച്ച യേശുവായിരിക്കണം നമ്മുടെ മാതൃക. പിതാവിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ട് പോയ പാതകളിലെല്ലാം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പുണ്യം നിറച്ച യേശുവായിരിക്കണം നമ്മുടെ വഴികാട്ടി. യോവേൽ 2:28 "അന്നാളിൽ ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും. നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും" ദൈവാത്മാവിന്റെ പ്രവർത്തനം ആ ബാല വൃദ്ധം ജനങ്ങളെയും ഒരുപോലെ നവദർശനത്തിലേക്കും ചൈതന്യത്തിലേക്കും നയിക്കും. ഇത്തരം ദർശനങ്ങൾ നമ്മുടെ ജീവിതത്തെ നിത്യ യൗവ്വനമാക്കി മാറ്റും. എന്നാൽ സദൃശവാക്യങ്ങൾ 29:18 ൽ പറയുന്നതിപ്രകാരമാണ്. 'ദർശനം ഇല്ലാത്തേടത്ത് ജനം മര്യാദവിട്ട് നടക്കുന്നു'. നമ്മുടെ ഊർജ്ജവും കർമ്മശേഷിയും ദൈവത്തിൽ സമർപ്പിച്ച് ആത്മാർത്ഥത കൊണ്ടും പ്രാർത്ഥന കൊണ്ടും ദൈവീക സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുവാൻ നമുക്കു കിട്ടിയ ചെറിയ ആയുസ്സുകൊണ്ട് സാധിക്കണം.

ഇന്ന് ഉന്നത ബിരുദവും ഔന്നത്യമുള്ള ജോലിയും ഉയർന്ന ശമ്പളവും സുഖലോലുപതയും ആഡംബരങ്ങളും മാത്രം സ്വപ്നം കാണുന്നവരാണ് ഏറിയ പങ്കും. ഇതിലൂടെ സ്വന്തം ജീവിതം മാത്രം സ്വപ്നം കാണുന്നു. നമ്മുടെ ജീവിതലക്ഷ്യം ഇതു മാത്രമാകുമ്പോൾ നാം യഥാർത്ഥത്തിൽ ജീവിക്കുവാൻ മറന്നു പോകുന്നു. 'എല്ലാം നിവൃത്തിയായി' എന്ന് യേശു പറഞ്ഞ സ്ഥാനത്ത് 'ജീവിക്കാൻ മറന്നു പോയി' എന്നു പറഞ്ഞ് കരയേണ്ടിവരും. സ്വന്തം നേട്ടത്തിനും സ്ഥാനത്തിനും അപ്പുറമായി വിശാലമായ സമൂഹത്തിന്റെ നന്മയെ ലക്ഷ്യമാക്കുവാൻ നമുക്കു സാദ്ധ്യമാകണം. ഇതിഹാസ താരം സച്ചിൻ തെണ്ടുൽക്കർ പറഞ്ഞത് ശ്രദ്ധിക്കുക. 'പരസ്യ ചിത്രങ്ങളിൽ അഭിനയിക്കാൻ തുടങ്ങിയ കാലം ഞാൻ വളരെ ചെറുപ്പമായിരുന്നു. പലതും തിരിച്ചറിയാൻ കഴിയാത്ത കാലം. മദ്യത്തിന്റെയും പുകവലിയുടെയും പരസ്യങ്ങളിൽ അഭിനയിക്കരുതെന്ന് എന്റെ പിതാവ് എന്നെ ഉപദേശിച്ചിരുന്നു. അതു ഞാൻ എപ്പോഴും അനുസരിച്ചിരുന്നു. ക്രിക്കറ്റിനെ ചെറുതാക്കുന്ന ഒരു പരസ്യത്തിലും ഞാൻ അഭിനയിക്കയില്ല. ക്രിക്കറ്റ് പന്ത് ബൗണ്ടറിയിലേക്ക് അടിച്ചു പറത്തുന്ന പരസ്യത്തിൽ അഭിനയിക്കാൻ പെപ്സി കമ്പനി എന്നെ ക്ഷണിച്ചിരുന്നു. എന്നാൽ ക്രിക്കറ്റ് തന്നെക്കാൾ വലുതാണെന്നും അതിനെ അപമാനിക്കുന്ന ഇത്തരം പരസ്യം ചെയ്യാൻ പറ്റില്ലെന്നും പറഞ്ഞൊഴിഞ്ഞു. തെറ്റായ സന്ദേശം നല്കുന്ന ഒരു പരസ്യത്തിലും ഞാൻ അഭിനയിക്കയില്ല'. എത്ര ഉന്നതമായ ദർശനമാണ് സച്ചിൻ നല്കുന്നത്. കോടികൾക്കു വേണ്ടി മൂല്യങ്ങൾ ബലികഴിക്കാതെ ജീവിക്കുവാൻ സച്ചിനെ പഠിപ്പിച്ച ആ പിതാവിനെ എത്ര അഭിനന്ദിച്ചാലും മതിയാകയില്ല. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനെ അപമാനിക്കുന്ന, വേദനിപ്പിക്കുന്ന, ചെറുതാക്കുന്ന യാതൊന്നും ഞാൻ ചെയ്കയില്ലെന്നും എന്റെ തലമുറയെ ഞാൻ ഇതു പഠിപ്പിക്കുമെന്നും നാം തീരുമാനിച്ചിരുന്നെങ്കിൽ...........

പുറം കാഴ്ചകളുടെ ഭ്രമത്തിൽ തെരഞ്ഞെടുപ്പുകൾ നടത്തി ജീവിതത്തിന്റെ മുൻഗണനാക്രമം നിശ്ചയിക്കാതെ ഉൾക്ക



ണ്ണുകൊണ്ട് പുറം കാഴ്ചകൾക്കപ്പുറത്തു ഉൾക്കാഴ്ചയാണ് നമുക്ക് ആവശ്യം. അൽബേനിയായിലെ സ്കോപ്ജെ നഗരത്തിലെ ഒരു പെൺകുട്ടി 12-ാമത്തെ വയസ്സിൽ അമ്മയോടു പറഞ്ഞു. 'എനിക്ക് സുവിശേഷ വേലയ്ക്കു പോകണം' 12 വയസ്സുകാരിയുടെ താല്ക്കാലിക ഭ്രമമായി മാത്രമെ അമ്മ അതിനെ കരുതിയുള്ളൂ. എന്നാൽ അത് ആ പെൺകുട്ടിയ്ക്ക് പാതിവഴിയിൽ ഉപേക്ഷിക്കാനുള്ള മോഹമായിരുന്നില്ല. അത് അവളുടെ സ്വപ്നവും ജീവിത ലക്ഷ്യവുമായിരുന്നു. 18 വയസ്സായപ്പോൾ പള്ളിയിലെ വൈദികന്റെ അരികിലെത്തി തന്റെ ദൈവവിളിയും സ്വപ്നങ്ങളും പങ്കുവച്ചു. വൈദികൻ ആ പെൺകുട്ടിയെ പ്രോത്സാഹിപ്പിച്ചു. അതിനെക്കുറിച്ച് ആ പെൺകുട്ടി ഇപ്രകാരം രേഖപ്പെടുത്തി 'എനിക്ക് 18 വയസ്സായപ്പോൾ കന്യാസ്ത്രീയാകാനായി വീടു വിടാൻ ഞാൻ തീരുമാനിച്ചു. എന്റെ നിയോഗം പാവപ്പെട്ടവരോടൊപ്പമാണെന്ന് എനിക്കു മനസ്സിലായിരുന്നു. അപ്പോൾ മുതൽ എന്റെ തീരുമാനത്തെക്കുറിച്ച് എനിക്ക് യാതൊരു ശങ്കയും ഉണ്ടായിട്ടില്ല.' ഈ വിവരമെല്ലാം അമ്മയോടും പങ്കുവച്ചപ്പോൾ ആ അമ്മ ഒരു കാര്യം മാത്രം പറഞ്ഞു. 'ക്രിസ്തുവിന്റെ മുറിവേറ്റ കരങ്ങളിൽ നിന്റെ കൈകൾ വച്ചു അവനോടൊപ്പം എല്ലാ വഴികളിലും സഞ്ചരിക്കുക'. അമ്മയുടെ ഈ ഉപദേശം നിത്യപ്രചോദനമായി മനസ്സിൽ നിക്ഷേപിച്ച് 1928 ൽ ക്രിസ്തുവിന്റെ കരങ്ങളിൽ അർപ്പിച്ച് സ്വന്തം രാജ്യത്തുനിന്നും ഇന്ത്യയിലേക്ക് യാത്രയായി. പിന്നീട് കർത്താവിന്റെ കരം പിടിച്ചുകൊണ്ട് അഗതികളുടെയും അനാഥരുടെയും കരങ്ങൾ ആ കന്യാസ്ത്രീ പിടിച്ച് അവർക്കെല്ലാം ദൈവ സ്നേഹത്തെ പരിഭാഷപ്പെടുത്തി കൊടുത്തു. 2016 സെപ്റ്റംബർ 4-ാം തീയതി കത്തോലിക്കാ സഭ മദർ തെരേസയായി തീർന്ന ആഗ്നസ് എന്ന ആ യുവതിയെ വിശുദ്ധയായി പ്രഖ്യാപിച്ചു. നമ്മെക്കുറിച്ചുള്ള ദൈവ നിയോഗം തിരിച്ചറിയുവാനും ക്രിസ്തുവിന്റെ കരങ്ങളിൽ പിടിച്ച് ആ നിയോഗങ്ങളെ യാഥാർത്ഥ്യമാക്കുവാനും കഴിയുമ്പോൾ ലോകം പോലും നമ്മുടെ മുമ്പിൽ ആദരം അർപ്പിക്കും. പൊള്ളാച്ചി മിഷൻ ഫീൽഡിലെ സദാനന്ദ

ഉയർത്തുന്ന വെല്ലുവിളിയും ഇതുതന്നെയാണ്. സ്വന്തമായി വസ്തുവും വീടും ഇല്ല. പിതാവ് മനോരോഗാശുപത്രിയിൽ സ്ഥിരമായി കഴിയുന്നു. മാനസിക വൈകല്യമുള്ള സഹോദരിയെ വീട്ടിൽ ആക്കിയിട്ട് അമ്മ അംഗൻവാടിയിൽ ആയയായി ജോലി ചെയ്യും. B.Com പാസ്സായ സദാനന്ദ യേശുവിലുള്ള വിശ്വാസം സ്വീകരിച്ചിട്ട് 14 വർഷമേയായുള്ളൂ. 15-ാം വയസ്സിൽ സുവിശേഷ വേലയ്ക്കായി സമർപ്പിച്ച സദാനന്ദയ്ക്ക് 2 മൾട്ടിനാഷണൽ കമ്പനികൾ placement നല്കിയിട്ടും അത് ഉപേക്ഷിച്ച് ചെന്നൈയിലുള്ള ഗുരുകുൽ സെമിനാരിയിൽ പഠിക്കുവാൻ പോയ ദർശനം നമ്മെ വെല്ലുവിളിക്കുകയാണ്. ഇത്തരം ദർശനങ്ങൾ നമ്മുടെ മക്കൾക്കും ഉണ്ടാകില്ലേ? നമുക്ക് ദൈവകരങ്ങളിൽ സമർപ്പിക്കാം.

ഈ കാലങ്ങളിൽ ദൈവം നമ്മുടെ ഇടവകയ്ക്ക് നല്കുന്ന അംഗീകാരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ ഹരിത അവാർഡും ഏറ്റവും നല്ല യുവജനസഖ്യത്തിനുള്ള അംഗീകാരവും തന്ന ദൈവത്തെ സ്തുതിക്കുന്നു. കേന്ദ്ര സേവികാസംഘത്തിന്റെ ബൈബിൾ ക്വിസിന് ഒന്നാം സ്ഥാനം ലഭിച്ച തടത്തിൽ ശ്രീമതി ആനി ജോസഫിനെയും സണ്ടേസ്കൂൾ സമാജത്തിന്റെ ദിവ്യ സംഗീത മത്സരത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കിയ സീനിയേഴ്സ് ടീമിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ ഇടവകയെക്കുറിച്ചുള്ള ദൈവീക ദർശനം ഉൾക്കൊണ്ട് 'Lighted to Lighten' എന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നമുക്ക് ഇടവകയായി മുന്നേറാം. അനേകർക്ക് അഭയവും അനുഗ്രഹവും നല്കുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും കൂടാരമാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന്

കർത്തൃശുശ്രൂഷയിൽ

**റവ. ജോർജ്ജ് മാത്യു അച്ചൻ**



## സഹവികാരിയുടെ സന്ദേശം

### 'Be Happy'

അടുത്ത കാലത്ത് കേരളം ചർച്ച ചെയ്ത ഒരു വിഷയമാണ് 'സന്തോഷം' എന്നത്. ഒരു പ്രമുഖ മുഖ്യധാര വാർത്ത ചാനൽ 'ഹാപ്പിനസ്സ് കോൺക്ലേവ്' ഒക്കെ സംഘടിപ്പിച്ച് ചർച്ച സജീവമാക്കി. സമൂഹത്തിലെ സമുന്നതരായ ആളുകൾ മാത്രമാണ് അഭിപ്രായങ്ങൾ പറഞ്ഞതെന്നുള്ള വിമർശനം വേറെ കാര്യം. പൊതുവെ ഉരുത്തിരിഞ്ഞ ഒരു നിഗമനം സന്തോഷത്തിന്റെ സൂചിക കേരളത്തിൽ വളരെ താഴെതട്ടിലാണ് എന്നതാണ്. കഴിഞ്ഞ ലക്കം 'സമകാലിക മലയാളം' വാരികയിൽ സി. രാധാകൃഷ്ണൻ എഴുതിയ ഒരു കുറിപ്പിൽ നമ്മുടെ സമൂഹത്തിൽ സന്തോഷത്തിന്റെ സൂചിക തകരുന്നതിന്റെ വിവിധ സാഹചര്യങ്ങൾ വിലയിരുത്തുന്നുണ്ട്. കൂടുതൽ ആളുകൾക്കും എന്തെങ്കിലും കിട്ടുന്നതിലാണ് സന്തോഷം. എങ്ങനെയാണ് സന്തോഷമുണ്ടാകുന്നതെന്ന് ചോദിച്ചപ്പോൾ പഴയ ഒരു കാരണവർ പറഞ്ഞ മറുപടി ഇങ്ങനെ: "എന്റെ ഉണ്ണി എന്നെ കാണാൻ വരിക, എനിക്ക് വല്ലതും തരിക, അത് സന്തോഷം. പിന്നെ ഞാൻ എന്റെ ഉണ്ണിയെ കാണാൻ പോകുക, എന്റെ ഉണ്ണി എനിക്ക് വല്ലതും തരിക, അതും സന്തോഷം".

എന്താണ് സന്തോഷം? യഥാർത്ഥത്തിൽ നമുക്കിന്ന് സന്തോഷിക്കാൻ കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ അതിന് തടസ്സമാകുന്ന സംഗതികൾ എന്തെല്ലാമാണ്? എങ്ങനെ നമുക്ക് സന്തോഷമായിരിക്കാൻ കഴിയും?

സന്തോഷം എന്നത് മനുഷ്യമസ്തിഷ്കത്തിലെ ജൈവരാസപ്രക്രിയയുടെ ഉല്പന്നമാണെന്ന് ചില മനഃശാസ്ത്രജ്ഞന്മാർ നിർവ്വചിക്കുന്നു. ഒരു പരിധിവരെ അത് ശരിയാണെങ്കിലും ഓരോ

രുത്തരുടേയും സന്തോഷത്തെ നിശ്ചയിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നത് അവരവർ തന്നെയാണ്. ജീവിതത്തോടും ജീവിതം വച്ചു നീട്ടുന്ന അനുഭവങ്ങളോടും ഏത് മനോഭാവത്തോടെ നാം സമീപിക്കുന്നു എന്നതാണ് നമ്മുടെ ജീവിതത്തെ ദുഷ്കരമാക്കുന്നതും സന്തോഷഭരിതമാക്കുന്നതും.

സന്തോഷമെന്നത് വെറും ഉല്ലാസമായി (Pleasure) കരുതിവച്ചിരിക്കുന്ന അനേകരുണ്ട്. സന്തോഷവും ഉല്ലാസവും രണ്ടും രണ്ടാണ്. ഉല്ലാസം അഥവാ Pleasure താൽക്കാലികമായ വൈകാരിക അനുഭൂതി മാത്രമാണ്. കേവലം ഇന്ദ്രിയ സുഖങ്ങൾക്കുവേണ്ടിയുള്ള മനുഷ്യന്റെ പരാക്രമങ്ങൾ ക്ഷണികമാണ്. മദ്യവും മയക്കുമരുന്നുമൊക്കെ നല്കുന്ന ഉല്ലാസം ഇത്തരം നൈമിഷിക ഉന്മാദാവസ്ഥമാത്രമാണ്. സന്തോഷം ആനന്ദമാണ്. അത് ആത്മാവിൽ നിന്ന് ബഹിർഗമിക്കുന്ന സ്ഥായിയായ സദ്ഭാവങ്ങളാണ്.

യഥാർത്ഥ സന്തോഷത്തെ കെടുത്തിക്കളയുന്ന ഒരുപാട് കാര്യങ്ങൾ നമ്മെയൊക്കെ നിരന്തരം ഞെരുക്കിക്കൊണ്ടിരിക്കുന്നു. മാരകമായ രോഗങ്ങൾ, ഭീമമായ ചികിത്സാ ചെലവുകൾ, കട ഭാരം, സാമ്പത്തിക അസ്ഥിരത, കുടുംബ ജീവിതത്തിലെ ഉലച്ചിലുകൾ, കുട്ടികളെപ്പറ്റിയുള്ള ആകുലത, സഫലമാകാത്ത പ്രതീക്ഷകൾ, വാർദ്ധക്യത്തിലെ ഏകാന്തത, നിസ്സഹായത ഇങ്ങനെ ഒരായിരം കാരണങ്ങളുണ്ടല്ലോ നമ്മുടെ സന്തോഷത്തിന്റെ തിരി കെടുത്തികളയുവാൻ. അനാവശ്യമായ ആകുലതകളും അകാരണമായ ഭീതിയും ആശങ്കകളും ഒട്ടനവധി ആളുകളുടെ സന്തോഷം ഇല്ലാതാക്കുന്നു. ''വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാനോ കുറയ്ക്കുവാനോ ആർക്കും കഴിയുകയില്ല'' എന്ന ക്രിസ്തുവിന്റെ വാക്കുകൾ നാം ധ്യാനിക്കുക. യേശു പറഞ്ഞു: ''ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ



ഏറ്റവും വിശേഷതയുള്ളവരല്ലയോ?'' (മത്താ. 6:26). കരുതുന്ന ദൈവത്തിൽ വിശ്വസിക്കുവാനാണ് ഈ വചനങ്ങൾ നമ്മെ ആഹ്വാനം ചെയ്യുന്നത് (Believe in the providence of God).

അനുകൂലമല്ലാത്ത സാഹചര്യങ്ങളിലും സന്തോഷമായിരിക്കുവാൻ ക്രിസ്തീയ വിശ്വാസം നമ്മെ സഹായിക്കുന്നു. പ്രതിസന്ധികൾ ഒഴിവായി കിട്ടുമ്പോഴല്ല അതിനെ അതിജീവിക്കുമ്പോൾ നാം അനുഭവിക്കുന്ന ആത്മഹർഷം ക്രിസ്തീയ സന്തോഷത്തിന്റെ വേറിട്ട അനുഭവമാണ്. കഷ്ടതയുടെ കഠിന ശോധനയിൽ കഴിയുന്ന വിശ്വാസ സമൂഹത്തിന്റെ സന്തോഷ സമൃദ്ധിയും ഔദാര്യ മനോഭാവവും വി. പൌലോസ് രണ്ടാം കോരിന്ത്യർ ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. ( 2 കൊരി. 8:1). എഴുന്നേറ്റ് നടക്കുവാനോ കൈയോ കാലോ ചലിപ്പിക്കുവാനോ കഴിയാതെ പക്ഷാഘാതം വന്ന കുറെയാളുകളിൽ നടത്തിയ പഠനം നമ്മുടെ കണ്ണ് തുറപ്പിക്കുന്നതാണ്. അവരുടെ സന്തോഷം എത്രയുണ്ടെന്നറിയാനാണ് പരീക്ഷണം നടത്തിയത്. -5 ഏറ്റവും മോശം അവസ്ഥയും +5 ഏറ്റവും ഉയർന്ന സന്തോഷാവസ്ഥയും എന്ന നിലയിൽ തോത് നിശ്ചയിച്ചിരുന്നു. അവരിൽ പലരുടേയും സന്തോഷത്തിന്റെ ശരാശരി നിലവാരം +3 ആയിരുന്നു ഇത് സൂചിപ്പിക്കുന്നത് ജീവിതത്തിന്റെ സാഹചര്യങ്ങളല്ല നമ്മുടെ സന്തോഷത്തെ നിർണ്ണയിക്കുന്നത് നേരെ മറിച്ച് അത്തരം സാഹചര്യങ്ങളിലുള്ള പ്രതികരണമാണ് പ്രധാനം എന്നതാണ്.

സംതൃപ്തിയും സന്തുഷ്ടിയുമുള്ളവരായിരിക്കുക എന്നതാണ് സന്തോഷത്തിന്റെ അടിസ്ഥാനം. ''ഒരുവൻ തനിക്കുള്ളതിൽ സംതൃപ്തനായിരിക്കുന്നുവെങ്കിൽ അവന്റെ ദൈവഭക്തി ഒരു വലിയ ധനമാണ്'' (1 തിമോഥെയോസ് 6:6). (ആധുനികവിവർത്തനം) (Godliness with contentment is great gain). എല്ലാവരേയും സ്നേഹിക്കുക, എല്ലാറ്റിലും നന്മ കാണാൻ ശ്രമിക്കുക, സദ്ചിന്തകൾ കൊണ്ട് മനസ്സിനെ നിറയ്ക്കുക, സ്നേഹിക്കുന്ന ആളുകളുടെ

സാമീപ്യം വർദ്ധിപ്പിക്കുക. നിഷേധാത്മ ചിന്തകൾ ഒഴിവാക്കി പോസിറ്റീവ് ചിന്താഗതി വളർത്തുക. അങ്ങനെ വളരെ താണുകിടക്കുന്ന സന്തോഷത്തിന്റെ സൂചികയെ മുകളിലേക്ക് ഉയർത്തി കൊണ്ടുവരാൻ നമുക്ക് പരിശ്രമിക്കാം. 'Dont Worry! Be happy!!

സ്നേഹത്തോടെ
നിങ്ങളുടെ സ്വന്തം
**ജോസഫ് ജോണി അച്ചൻ**

## സ്നേഹസംഗമം

**സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച**
**ആരാധനയ്ക്കുശേഷം പള്ളിയിൽ**



# ദൈവം അയച്ച രണ്ടു പോലീസ് ഉദ്യോഗസ്ഥന്മാർ

**ജസ്റ്റിസ് കെ.റ്റി. തോമസ്**

മൂന്ന് പ്രധാന സംഭവങ്ങളുടെ സംഗമമാണ് ഇവിടെ വിവരിക്കുന്നത്.

ഞാൻ കേരളത്തിലെ പോലീസ് പരിഷ്കരണ സമിതിയുടെ അദ്ധ്യക്ഷനായിരുന്നപ്പോൾ ഞാനും സമിതി അംഗങ്ങളും ജില്ലാ തലസ്ഥാനങ്ങളിൽ ചെന്ന് വിവിധ വിഭാഗങ്ങളിൽപ്പെട്ടവരിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ടിരുന്ന വേളയിലാണ് ആദ്യത്തെ സംഭവത്തെപ്പറ്റി കേൾക്കാനിടയായത്. കാസർഗോഡ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന കൃഷ്ണകുമാർ പോലീസുകാർക്ക് നേരിടേണ്ടിവരുന്ന യാതനകളെപ്പറ്റി പറഞ്ഞ കൂട്ടത്തിൽ പലപ്പോഴും തങ്ങളെ ക്രിമിനൽ കേസുകളിൽ പ്രതികളാക്കിക്കൊണ്ട് സ്വകാര്യ അന്യായങ്ങളായി കേസുകൾ കൊടുക്കാറുണ്ടായിരുന്നെന്നും, അവയിൽ തങ്ങളുടെ ഭാഗം നടത്തുന്നതിനുവേണ്ടി വന്നിട്ടുള്ള വക്കീൽ ഫീസുൾപ്പെടെയുള്ള ചെലവുകൾ ഗവണ്മെന്റു തരാറില്ലെന്നും പറഞ്ഞു. അപ്രകാരം തനിക്കുണ്ടായ ഒരു തിക്താനുഭവം വിവരിച്ചതിന്റെ സംക്ഷിപ്തരൂപം ഇങ്ങനെയാണ്.

കാസർഗോഡ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്നപ്പോൾ വലിയ സ്വാധീനമുള്ള ഒരു ചന്ദന വ്യവസായി (കള്ളക്കടത്തുകാരനെന്നാണ് അയാൾ വിശേഷിക്കപ്പെട്ടിരുന്നത്) പ്രതിയായി വന്ന ഒരു കേസിൽ മജിസ്ട്രേറ്റു കോടതിയിൽ നിന്ന് അയാൾക്ക് ആദ്യം സമൻസും പിന്നീട് പലപ്പോഴായി അറസ്റ്റു വാറണ്ട് അയച്ചിട്ടും അയാളെ പിടിക്കാൻ സാധിച്ചില്ല. സർക്കിൾ ഇൻസ്പെക്ടർ

കൃഷ്ണകുമാർ അയാളെ ഒരിക്കൽ വളഞ്ഞുപിടിച്ച് മജിസ്ട്രേറ്റിനു മുമ്പാകെ ഹാജരാക്കി. അയാൾ ജാമ്യത്തിൽ പുറത്തുവന്നപ്പോൾ കൃഷ്ണകുമാറിനെ പ്രതിചേർത്തു ഒരു ക്രിമിനൽ കേസ് മറ്റൊരു മജിസ്ട്രേറ്റു കോടതിയിൽ ഫയൽ ചെയ്തു. കൃഷ്ണകുമാർ അയാളെ ദേഹോപദ്രവം ഏൽപ്പിച്ചു എന്നു പറഞ്ഞാണ് കേസ് ഫയൽ ചെയ്തത്. ആ കേസിലേക്ക് പ്രതിഭാഗം നടത്തേണ്ടതിന് വളരെ പണം ചെലവുണ്ടായി എന്നും കൃഷ്ണകുമാർ ഞങ്ങളോടു പറഞ്ഞു. ഞാനതു കേട്ടപ്പോൾ കൂടുതൽ വിവരങ്ങൾ അറിയാനുള്ള ജിജ്ഞാസ പ്രകടിപ്പിച്ചു. ഞാൻ അഭിഭാഷകനായി പല കോടതി കളിലും കേസുകൾ നടത്തിയിരുന്നതുമൂലം കൃഷ്ണകുമാറിനോട് ആ കേസിൽ തനിക്ക് എന്തു സംഭവിച്ചു എന്ന് എന്നെ നേരിൽക്കണ്ടു വിവരങ്ങൾ നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടു. പിന്നീട് അദ്ദേഹം എനിക്കു നൽകിയ വിവരങ്ങളിൽ നിന്ന് മജി സ്ട്രേറ്റ് അദ്ദേഹത്തെ കുറ്റക്കാരനായിക്കണ്ട് ശിക്ഷിച്ചു എന്നും, ആറുമാസം കഠിനതടവിനു വിധിച്ചു എന്നും എനിക്കു മനസ്സിലാ യി. ആ വിധിക്കെതിരായി അദ്ദേഹം അപ്പീൽ നൽകി ശിക്ഷ താൽക്കാലികമായി മരവിപ്പിച്ചെന്നും താൻ കുറ്റക്കാരനാണെന്നുള്ള ഉത്തരവ് സ്റ്റേ ചെയ്തു കിട്ടാൻ ഹൈക്കോടതി വരെ പോകേണ്ടി വന്നെന്നും എന്നോടു പറഞ്ഞു. ആ കേസിലെ എല്ലാ റിക്കോഡു കളും എനിക്കു കണ്ടാൽ കൊള്ളാമെന്ന് ഞാൻ അഭിപ്രായപ്പെട്ട തിനെ തുടർന്ന് അദ്ദേഹം അവ സന്തോഷപൂർവ്വം എന്നെ ഏൽപ്പി ച്ചു. ഞാൻ ആ കേസ് സൂക്ഷ്മമായി പഠിച്ചപ്പോൾ സർക്കിൾ ഇൻസ്പെക്ടർ കൃഷ്ണകുമാർ ശിക്ഷിക്കപ്പെടാൻ പാടില്ലാത്തതാ ണെന്ന് എനിക്കു തോന്നുകയാൽ ആ കേസിലെ അപ്പീലിൽ പറ യേണ്ട വാദമുഖങ്ങളെ സംബന്ധിച്ച് സാമാന്യം ദീർഘമായ ഒരു നോട്ട് തയ്യാറാക്കി ഞാൻ അദ്ദേഹത്തിനു കൊടുത്തു. കൂടാതെ അദ്ദേഹത്തിനുവേണ്ടി ഒരു നല്ല അഭിഭാഷകനെ ഞാൻ ശുപാർശ ചെയ്തു. ഞാൻ പറഞ്ഞുകൊടുത്ത വിവരങ്ങൾക്ക് എനിക്കു പ്രതി



ഫലം നൽകാൻ കൃഷ്ണകുമാർ തയ്യാറായെങ്കിലും ഞാൻ ഒന്നും സ്വീകരിച്ചില്ല. അദ്ദേഹം ഞാൻ ശുപാർശ ചെയ്ത അഭിഭാഷകനെ കേസ് ഏൽപ്പിക്കുകയും നിശ്ചയിച്ച ഫീസ് കൊടുക്കുകയും ചെയ്തു. അഭിഭാഷകന്റെ വാദം കേട്ടശേഷം സെഷൻസ് ജഡ്ജി അപ്പീൽ അനുവദിച്ച് കേസിൽ കൃഷ്ണകുമാറിനെ വെറുതെവിട്ടു. അദ്ദേഹത്തിനു കേസ് നടത്തിപ്പിനു വേണ്ടിവന്ന ചെലവ് ഗവണ്മെന്റ് പിന്നീട് നൽകിയോയെന്നെനിക്കറിയില്ല.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഞാൻ ഏതോ പരിപാടി യിൽ സംബന്ധിക്കുവാൻ എന്റെ അന്നത്തെ ലാൻസർ കാറിൽ പത്തനംതിട്ട വരെ പോയി. എന്റെ സ്ഥിരം ഡ്രൈവർ ആയിരുന്ന ജോസഫ് ആണ് അന്നും കാർ ഓടിച്ചിരുന്നത്. എപ്പോഴും വളരെ ശ്രദ്ധയോടുകൂടി കാർ ഓടിക്കുന്ന ആളാണ് ജോസഫ്. അയാൾ കോടതിയിൽ ക്ലാസ് ഫോർ ജീവനക്കാരനായിരുന്നു. ആ കാലയ ളവിൽ ജോസഫ് പല ജുഡീഷ്യൻ ഓഫീസറന്മാരുടെയും വാഹ നങ്ങൾ ഓടിക്കുമായിരുന്നു. അയാൾ വിരമിച്ച അതേ വർഷം തന്നെ യാണ് ഞാൻ സുപ്രീം കോടതിയിൽ നിന്നും വിരമിച്ചത്. അതു കൊണ്ട് ജോസഫിനെ എന്റെ ഡ്രൈവർ ആയി നിയമിക്കുന്നതിന് എനിക്ക് വളരെ എളുപ്പമായി.

പത്തനംതിട്ടയിൽ നിന്നും ഞങ്ങൾ തിരികെ വരുന്ന സമ യത്ത് ചങ്ങനാശേരി കഴിഞ്ഞ് കുരിശുംമൂട് എന്ന സ്ഥലത്തുള്ള ഒരു വളവ് കഴിഞ്ഞപ്പോൾ റോഡിൽ കോൺക്രീറ്റ് സ്ലാബ് ഇളകി മാറിക്കിടക്കുന്നതു കണ്ട് ജോസഫ് പെട്ടെന്ന് ബ്രേക്ക് ചെയ്തു വണ്ടി നിർത്തി. പിറകിലത്തെ സീറ്റിലിരുന്ന ഞാൻ കുതിച്ച് മുൻവ ശത്തെ സീറ്റിൽ ഇടിച്ചു. പിന്നിൽ നിന്നും വന്ന ഒരു ട്രാൻസ്പോർട്ട് (സൂപ്പർ ഫാസ്റ്റ്) ബസ് സഡൻ ബ്രേക്കിട്ട് നിരങ്ങിവന്ന് എന്റെ കാറിന്റെ പിന്നിൽ ശക്തിയായി ഇടിക്കുകയും കാറിന്റെ ഡോർ താനെ തുറക്കുകയും ഞാൻ പുറത്തേക്കു വീഴുകയും ചെയ്തു. പെട്ടെന്ന് കുറെ ആളുകൾ അവിടെ ഓടിക്കൂടി. ആ കൂട്ടത്തിൽ ഒരു

മോട്ടോർ സൈക്കിളിൽ ആ സ്ഥലത്തേക്കു വന്നിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ (അദ്ദേഹം ഊണു കഴിക്കുന്നതിനായി തന്റെ ക്വാർട്ടേഴ്സിലേക്ക് പോയിക്കൊണ്ടിരുന്നപ്പോഴാണ് അപകടം കാണുന്നത്) മോട്ടോർ സൈക്കിൾ പെട്ടെന്ന് നിറുത്തി എന്റെയടുത്തേക്കു വന്നു. വീണു കിടക്കുന്നതു ഞാനാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. ആ ഉദ്യോഗസ്ഥൻ സർക്കിൾ ഇൻസ്പെക്ടർ കൃഷ്ണകുമാർ ആയിരുന്നു. എന്റെ കാറിന്റെ പിൻഭാഗം നിശേഷം തകർന്നിരുന്നതുകൊണ്ട് കാറ് വർക്ക്ഷോപ്പിൽ എത്തിക്കുന്നതിനും മറ്റൊരു കാറിൽ എന്നെ ആശുപത്രിയിൽ ആക്കുന്നതിനും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്നു. ആശുപത്രിയിൽ എക്സ്റേ എടുത്തപ്പോൾ എനിക്കു ഭയപ്പെട്ടിരുന്ന പരുക്കുകൾ ഉണ്ടായിട്ടില്ലെന്നു മനസിലായി. തുടർന്ന് എന്നെ എന്റെ വീട്ടിലെത്തിച്ചു.

ട്രാൻസ്പോർട്ടു ബസിന്റെ ഡ്രൈവറുടെ പേരിൽ പോലീസ് കേസ് എടുത്തു. പക്ഷെ ആ ഡ്രൈവർക്ക് ക്രിമിനൽ ബാദ്ധ്യതയില്ലെന്നു എനിക്കു ബോദ്ധ്യമായതു രണ്ടു കാരണങ്ങളാലാണ്. ഒന്ന്: ആ ബസ് സൂപ്പർ ഫാസ്റ്റായി ഓടിക്കേണ്ടത് ഡ്രൈവറുടെ തീരുമാനപ്രകാരം അല്ലായിരുന്നു. ട്രാൻസ്പോർട്ട് കമ്പനിയുടെ കല്പന പ്രകാരമാണ് അയാൾക്ക് അങ്ങനെ ചെയ്യേണ്ടി വന്നത്. രണ്ട്: മുമ്പിൽ ഉണ്ടായ സംഭവം കണ്ടയുടനെ ഡ്രൈവർ പൊടുന്നനെ ബസ് നിർത്തിയതുമൂലം പതിനഞ്ചുമീറ്റർ നീളത്തിൽ ടാർ റോഡിൽ ടയർ ഉരഞ്ഞ പാട് പതിഞ്ഞു കിടന്നിരുന്നു. ഈ രണ്ടു പശ്ചാത്തലങ്ങൾ കൊണ്ടാണ് ഡ്രൈവറുടെ പേരിൽ ക്രിമിനൽ കേസ് എടുക്കുന്നതിനോടു എനിക്കു യോജിക്കാൻ സാധിക്കാതെ വന്നത്. പിറകിൽ കൂടിവന്ന് എന്റെ കാറിന്റെ പിൻഭാഗത്തു ഇടിച്ചതുകൊണ്ട് കോടതിയിൽ അയാൾ പ്രതിയായി കേസു വന്നാൽ അയാളുടെ ജോലി നഷ്ടപ്പെടാൻ എല്ലാ സാദ്ധ്യതകളുമുണ്ടെന്ന് എനിക്കറിയാവുന്നതുകൊണ്ടാണ് അയാളുടെ പേരിൽ ക്രിമിനൽ കേസ് എടു



ക്കരുതെന്ന് പോലീസിനോട് ഞാൻ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടത്.

എന്റെ ലാൻസർ കാർ നന്നാക്കുന്നതിന് കൊണ്ടുചെന്ന വർക്ക്ഷോപ്പ് ഉടമ അതു നന്നാക്കുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒന്നരലക്ഷം രൂപയുടെ പണികൾ ഉണ്ടാകുമെന്നു പറയുകയും കാറിന്റെ ഇൻഷുറൻസ് പ്രമാണങ്ങൾ അവർ വാങ്ങിക്കൊണ്ടു പോവുകയും ചെയ്തു. എന്നാൽ അവർ ഉടനെ തിരികെവന്നു. എന്റെ കാറിന്റെ ഇൻഷുറൻസ് പരിരക്ഷ മൂന്നു ദിവസം മുമ്പേ തീർന്നെന്നും ഞാൻ ഏതാനും കടലാസുകളിൽ ഒപ്പിട്ടു കൊടുത്താൽ ഇൻഷുറൻസ് ഉദ്യോഗസ്ഥന്മാർ പഴയ തീയതി വച്ച് ഇൻഷുറൻസ് പുതുക്കി തരുമെന്നും അവർ പറഞ്ഞു. അതിനു ഞാൻ തയ്യാറല്ലെന്നും എന്റെ കൈയിൽ നിന്നും ഒരുലക്ഷത്തിനാൽപ്പതിനായിരം രൂപ കൊടുക്കേണ്ടി വരുന്നതാണ് എന്നെ സംബന്ധിച്ച് കൂടുതൽ ലാഭകരമെന്നും ഞാൻ അവരെ അറിയിച്ചു. എന്നാൽ നല്ലവരായ വർക് ഷോപ്പ് ഉടമസ്ഥന്മാർ എന്റെ കാർ നന്നാക്കുന്നതിനുള്ള ചെലവ് കുറയ്ക്കാൻ ശ്രമിച്ചതിന്റെ ഫലമായി ഇടിച്ച കാറിന്റെ പല ഭാഗങ്ങളും ഉപയോഗിച്ച് പണികളെല്ലാം പൂർത്തിയാക്കി കാർ തിരികെ എന്നെ ഏൽപ്പിച്ചു. മൊത്തം ചെലവായ എൺപതിനായിരം രൂപയുടെ ബില്ല് അവർ എനിക്കു തരികയും തുക മുഴുവനും ഞാൻ വർക്ക് ഷോപ്പുകാർക്കു കൊടുക്കുകയും ചെയ്തു.

ബസിന്റെ ഡ്രൈവറുടെ മേൽ ക്രിമിനൽ കോസ് എടുക്കേണ്ടതില്ലെന്നു എനിക്കഭിപ്രായം ഉണ്ടായിരുന്നെങ്കിലും ട്രാൻസ്പോർട്ടു കമ്പനിക്ക് അവരുടെ സിവിൽ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കാൻ സാദ്ധ്യതയില്ലെന്ന് എനിക്കുറപ്പുണ്ടായിരുന്നു. കുറെ ആലോചിച്ചതിനുശേഷം ഒരു കത്ത് ഞാൻ കെ.എസ്.ആർ.ടി.സിയുടെ മാനേജിങ് ഡയറക്ടർക്ക് അയച്ചു, അതിന്റെ ചുരുക്കം ഇതാണ്.

നിങ്ങളുടെ സൂപ്പർ ഫാസ്റ്റ് ബസ് എന്റെ കാറിന്റെ പിന്നിൽ വന്നിടിച്ചതുമൂലം എന്റെ കാറിന്റെ പിൻഭാഗം പകുതിയോളം തകർന്നു പോയതു നന്നാക്കിയതിനു എനിക്കു എൺപതിനായിരം രൂപ വർക്ക്ഷോപ്പ്കാരുടെ ബിൽ പ്രകാരം കൊടുക്കേണ്ടിവന്നു. ആ സംഖ്യ ഇൻഷുറൻസ് കമ്പനിയിൽ നിന്നും നിർഭാഗ്യവശാൽ എനിക്കു ലഭിക്കാതെ വന്നു, മൂന്നു ദിവസം മുമ്പു ഇൻഷുറൻസ് കാലഹരണപ്പെട്ടു പോയതുകൊണ്ട് പഴയ തീയതി ഇട്ട് ഇൻഷുറൻസ് പുതുക്കാൻ ഞാൻ തയ്യാറാകാതിരുന്നതു മൂലം ആ സംഖ്യ എനിക്കു ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭിച്ചില്ല. ബസിന്റെ ഡ്രൈവറെ ക്രിമിനൽ ബാദ്ധ്യതകളിൽ നിന്നും ഞാനിടപെട്ട് ഒഴിവാക്കിയെങ്കിലും ടോർട്ട് (Tort) നിയമപ്രകാരം അയാൾക്ക് സിവിൽ ബാദ്ധ്യതയുള്ളതുകൊണ്ട് അയാളുടെ ഉടമയായ കെ.എസ്.ആർ. ടി.സിക്ക് വൈക്കേറിയസ് ലയബിലിറ്റി ഉണ്ട്. അതുകൊണ്ട് സംഖ്യ എനിക്കു തരാനുള്ള ചുമതല ട്രാൻസ്പോർട്ട് കമ്പനിക്കുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. എനിക്കു ചെലവായ സംഖ്യയുടെ ബില്ലുകളുടെ പകർപ്പ് ഈ കത്തിനോടൊപ്പം ഞാൻ വയ്ക്കുന്നു. ആ സംഖ്യ കമ്പനി എനിക്കു തരികയാണെങ്കിൽ നന്നായിരുന്നു. എന്നാൽ അങ്ങനെ തരുന്നില്ലെങ്കിൽ അതിനെതിരെ കേസുകൊടുക്കാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല.

ആ കത്തു പോസ്റ്റു ചെയ്ത് ഏകദേശം ഒരാഴ്ച കഴിഞ്ഞപ്പോൾ റ്റി.പി. സെൻകുമാർ എന്ന ഐ.പി.എസ് ഉദ്യോഗസ്ഥൻ എന്റെ വീട്ടിൽ വന്നു. ആ കാലത്ത് അദ്ദേഹം കെ.എസ്.ആർ.ടി. സിയുടെ മാനേജിങ് ഡയറക്ടർ ആയി ഡപ്യൂട്ടേഷനിൽ ജോലി ചെയ്യുകയായിരുന്നു. പിൽക്കാലത്ത് അദ്ദേഹം കേരളത്തിന്റെ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആവുകയും വളരെ നന്നായി ശോഭിക്കുകയും ചെയ്തു. റ്റി.പി. സെൻകുമാർ എന്റെ കൈയിലേക്ക് ഞാൻ ചോദിച്ച മുഴുവൻ സംഖ്യയ്ക്കും ഒരു ചെക്കുതന്നു. ഇത്ര വേഗം കെ.എസ്.ആർ.ടി.സി. പ്രതികരിക്കുമെന്നു ഞാൻ പ്രതീക്ഷി



ച്ചില്ലെന്നും അദ്ദേഹത്തോടു പറഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെയാണ് മറുപടി പറഞ്ഞത്.

കെ.എസ്.ആർ.ടി.സിയിൽ ഞാൻ മാനേജിങ് ഡയറക്ടർ ആയിരിക്കുന്നിടത്തോളം കാലം നിയമപരമായും സത്യസന്ധമായും ഒരു ക്ലെയിമും നിരസിക്കപ്പെടാൻ ഞാൻ കൂട്ടുനിൽക്കുകയില്ല. സാറിന്റെ ക്ലെയിം സത്യമാണെന്നു എനിക്കുത്തമ ബോദ്ധ്യമുള്ളതിനാൽ ഇത് ബോർഡിൽ സമർപ്പിച്ച പാസാക്കാൻ എനിക്കു സാധിച്ചു. അതുകൊണ്ടാണ് ഞാൻ തന്നെ ഈ ചെക്ക് സാറിന് ഇവിടെ എത്തിച്ചത്.

ആ കാലത്ത് കെ.എസ്.ആർ.ടി.സിയുടെ മാനേജിങ് ഡയറക്ടർ ആയി മറ്റാരെങ്കിലുമായിരുന്നെങ്കിൽ ഇത്രമാത്രം ശുഷ്കാന്തിയോടെ നടപടികൾ പൂർത്തികരിക്കുമോ എന്ന് എനിക്ക് പറയാനാകില്ല.

മേൽപ്പറഞ്ഞ രണ്ടു പോലീസ് ഉദ്യോഗസ്ഥരെയും രണ്ടു സന്ദർഭങ്ങളിലായി ദൈവം അയച്ചവരായിരുന്നു എന്ന് എനിക്കു തോന്നുന്നുണ്ടെങ്കിൽ അതു ശരിയായ നിഗമനമല്ലേ? കൃഷ്ണകുമാറിനു ഇപ്പോൾ ഡി.വൈ.എസ്.പി.യായി സ്ഥാനക്കയറ്റം കിട്ടിയിട്ടുണ്ട്. അടുത്തകാലത്ത് ഏഷ്യാനെറ്റ് നടത്തിയ ബെസ്റ്റ് ഫാമിലി ഫെസ്റ്റ് എന്ന പരിപാടിയിൽ അദ്ദേഹവും മകനും പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്നതും സമ്മാനത്തുകയായി ലഭിച്ച ഒരുലക്ഷത്തിനാൽപ്പതിനായിരം രൂപ റീജണൽ കാൻസർ സെന്ററിന് സംഭാവന നൽകുന്നതും കണ്ടു. നല്ല പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുമ്പോഴെല്ലാം ഒരു കോപ്പി എനിക്കു വാങ്ങിത്തരുന്ന പതിവും അദ്ദേഹത്തിനുണ്ട്.

(കടപ്പാട് - ന്യൂവിഷ്യൻ മാസിക)

# Forgivness as healing of human brokenness

**Rev. Dr. M.J. Joseph**

The Lord's prayer makes it mandatory for us to live in an authentic-divine human relationship (cf.Eph.4:32). As God's will is to build a fraternal community on earth rooted in the reality of love, the message of reconciliation has abiding significance (cf.Ps. 133).

In Asia, there are several contexts, either the past or the present, where human relationship needs restoration. The language of love, compassion and reconciliation is to be spoken with a great sense of sensitivity. No human community will have an authentic existence as long as its people live in strained relationship or situations of violence. The situations in Iraq, Palestine, Kashmir, Sri Lanka, Iraq, Afganistan, Syria and several other countries in the world make us aware of the need to communicate and practise the message of forgiveness with sincerity for the healing of the nations. "Father, forgive them" is an eternal prayer for all creation.

The churches are called upon to initiate net working of common concerns with a sense of urgency. The initiative may be judged as "a drop in the ocean". But remember as Mother Theresa said, "the ocean will be short of that drop". "In an age of universal deceit, telling the truth is a revolutioinary act" (Geroge Orwell). One has to remember the words of Martin



Luther King "The day we see the truth and cease to speak is the day we begin to die". Act of forgiveness must go hand in hand with condemnation of the culture of silence. The former president of India, Sri K.R. Narayanan is to be remembered when he said on the killing of Dr. Graham Staines and his two sons. "Someone who spent years caring for patients of leprosy, instead of being thanked and appreciated as a role model should be done to death in this manner is a monumental aberration from the traditions of tolerance. It is indeed a message for the celebration of the Christian message of forgiveness".

"Forgive our trespasses" is to be prayed not simply as members of the church, but as members of the peoples of God. In the fortmation of the community of communities, the Church has a tremendous task to look for streams of liberation and wholeness. The way of the cross gives us necessary impetus to look beyond its borders. The mandatory phrasc, "as we forgive", makes the human responsibility on par with divine generosity.

"Forgiveness" is not only the language of religion, but also of secular ties and international relationships. In recent times, Pope's gesture of making apologies for religious intolerance in the past is widely appreciated as an enactment of divine forgiveness. Pope's apology is considered as a "landmark event in promoting religious tolerance. "It was indeed an act of humility and also an expression of willingness to come to terms with truth. It also demonstares that the spirit of self-search alone will make us children of God's house hold. The WCC concerns in the DOV Decade indeed carries a message of healing and forgiveness.

## ഞായറാഴ്ചകളിലും മറ്റ് വിശേഷ ദിവസങ്ങളിലും ഉപയോഗിക്കുന്നതിനുള്ള വിശുദ്ധ വേദഭാഗങ്ങൾ

| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
|---|---|---|---|---|
| **ജൂലൈ** | | | | |
| 2 ഞായർ | പുറ: 18:13-27 | 1 തീമോ. 6:17-21 | 2 കൊരി. 8:1-15 | വി. മത്താ. 25:14-30 |
| 9 ഞായർ | യോഹ. 33:1-9 | 1 തീമോ. 3:1-13 | എഫേ. 4:7-16 | വി. മത്താ. 3:13-19 |
| 16 ഞായർ | യോശുവ. 1:1-9 | ഫിലി. 1:12-21 | 2 കൊരി. 5:16-21 | വി. മത്താ. 6:7-13 |
| 23 ഞായർ | ആവർ. 6:1-17 | 2 തിമോ. 2:1-13 | എഫേ. 3:1-13 | വി. യോഹ. 12:20-26 |
| 30 ഞായർ | യെശ. 55:1-5 | അ.പ്ര. 10:34-43 | എഫേ. 3:1-13 | വി. ലൂക്കോ. 4:16-26 |
| **ഓഗസ്റ്റ്** | | | | |
| 6 ഞായർ | പുറ. 24:12-18 | എബ്ര. 12:18-29 | 2 പത്രോ. 1:16-19 | വി. ലൂക്കോ. 9:28-36 |
| 13 ഞായർ | ഉല്പ. 2:18-25 | എബ്ര. 13:1-6 | എഫേ. 5:21-32 | വി. മത്താ. 19:1-12 |
| 20 ഞായർ | 2 രാജാ. 23:1-9 | വെളിപ്പാട്.1:1-9 | 1 പത്രോ. 1:13-25 | വി. മത്താ. 9:35-38 |
| 27 ഞായർ | പുറ. 16:1-16 | 1 കൊരി. 11:23-30 | 1 കോരി. 10:15-17 | വി. യോഹ. 6:47-58 |
| | | | | |
| **സെപ്റ്റംബർ** | | | | |
| 3 ഞായർ | സദൃവാക്യ. 8:1-12 | അ.പ്ര. 8:26-38 | കൊലേ.1:24-29 | വി. മർക്കോ. 11:15-18 |
| 10 ഞായർ | സംഖ്യ. 27:1-17 | അ.പ്ര. 16:11-15 | റോമർ 16:1-16 | വി. യോഹ. 4:23-30 |
| 17 ഞായർ | യെശ. 40:21-31 | എഫേ. 6:1-9 | 1 തിമോ. 5:1-10 | വി. ലൂക്കോ. 2:25-38 |
| 24 ഞായർ | ദാനി. 1:1-21 | അ.പ്ര. 10:9-16 | 1 പത്രോ. 2:1-10 | വി. മത്താ. 5:13-16 |
| | | | | |



## യെരുശലേം മാർത്തോമ്മാ ഇടവക മിഷൻ പ്രവർത്തനങ്ങൾ

**വേദപഠന ക്ലാസ്സുകൾ**

1, 2 ബുധൻ 4.30 pm പള്ളിയിൽ
3-ാം ബുധൻ 4.30 pm അറയ്ക്കൽ ശ്രീ. ഏ.ഐ. ഏബ്രഹാമിന്റെ ഭവനത്തിൽ
4-ാം ബുധൻ 4.30 pm കഞ്ഞിക്കുഴി പുത്തൻപറമ്പിൽ ശ്രീമതി കുഞ്ഞൂഞ്ഞമ്മ വറുഗീസിന്റെ ഭവനത്തിൽ
5-ാം ബുധൻ 4.30 pm കോടിമത യെരുശലേം പ്രയർ ഹാളിൽ

മൂന്നാം വെള്ളി 4.30 pm ആർപ്പൂക്കര ഗൈഡൻസ് സെന്ററിൽ
നാലാം വെള്ളി 3.30 pm ആശുപത്രി / ഭവനസന്ദർശനം
അഞ്ചാം വെള്ളി 4.30 pm കുറച്ചി മിഷൻ സെന്ററിൽ

**മെഡിക്കൽ ക്യാമ്പ്**

1,3,5 ശനിയാഴ്ചകളിൽ 4.30 pm നാഗമ്പടം മുനിസിപ്പൽ കമ്മ്യൂണിറ്റിഹാളിൽ
2,4 ശനിയാഴ്ചകളിൽ 4.30 pm കോടിമത പ്രയർ ഹാളിൽ
1,3 ഞായറാഴ്ചകളിൽ 2.30 pm കുറിച്ചി മിഷൻ സെന്ററിൽ

**കുറിച്ചി മിഷൻ: സുവിശേഷകൻ ശ്രീ. അജീഷ് ഏബ്രഹാം ഫോൺ: 2433538**

| | | |
|---|---|---|
| 1,3 ഞായറാഴ്ചകളിൽ | പരസ്യാരാധന | 11.00 am |
| തിങ്കളാഴ്ചതോറും | കൂട്ടായ്മ | 10.30 am |
| തിങ്കളാഴ്ചതോറും | വേദപഠനക്ലാസ് (കുട്ടികൾക്ക്) | 4.00-6.00 pm |
| ചൊവ്വാഴ്ചതോറും | കൂട്ടായ്മ | 6.30 pm |
| ബുധനാഴ്ചതോറും | ഉപവാസ പ്രാർത്ഥന | 10.30 am-12.00 pm |
| വ്യാഴാഴ്ചതോറും | പകൽവീട് | 10.30 am-3.30 pm |
| വ്യാഴാഴ്ചതോറും | ഭക്ഷണവിതരണം (ആശുപത്രിയിൽ) | 4.30 pm-6.00 pm |
| വെള്ളിയാഴ്ചതോറും | ഭവനങ്ങളിൽ ഉപവാസ പ്രാർത്ഥന | 10.30 am |
| വെള്ളിയാഴ്ചതോറും | ആശുപത്രി സന്ദർശനം | 5.00-6.30 pm |
| ശനിയാഴ്ചതോറും | ഭവന സന്ദർശനം | 10.00-12.30 pm |
| 1,3 ഞായറാഴ്ചകളിൽ | മെഡിക്കൽ ക്യാമ്പ് | 2.30 pm |

**രാജു തോട്ടുങ്കൽ**
സെക്രട്ടറി

## മാമ്മോദീസാ സ്വീകരിച്ചവർ

1. മുല്ലശ്ശേരിൽ പുത്തൻവീട്ടിൽ Mr. Oommen Puthenveedu John ന്റെയും Mrs. Jayanthi Newton Edwin ന്റെയും മകൾ Esther Elizabeth Oommen 2017 March 29 ന് വിശുദ്ധ മാമോദീസാ സ്വീകരിച്ചു.
2. തടത്തിൽ Mr. Jinu Ben Kurien ന്റെയും Mrs. Aswathy Raphel യുടെയും മകൻ Bob Daniel Ben 2017 April 23 ന് വിശുദ്ധ മാമോദീസാ സ്വീകരിച്ചു.
3. തിട്ടയിൽ സന്തോഷ് ഭവനിൽ Mr. Santhosh Cherry Abraham ന്റെയും Mrs. Jincy James ന്റെയും മകൻ Jovan Santhosh James 2017 June 15 ന് വിശുദ്ധ മാമോദീസാ സ്വീകരിച്ചു.
4. പുത്തൻബംഗ്ലാവിൽ Dr. Jaison Sam John ന്റെയും Mrs. Navya Elizabeth Philip ന്റെയും മകൻ Jermin Jais Philip 2017 June 18 ന് വിശുദ്ധ മാമോദീസാ സ്വീകരിച്ചു.

## വിവാഹിതരായവർ

1. പനംപുന്നയിൽ Late George John ന്റെയും Late Latha John ന്റെയും മകൻ John P. John ഉം തിരുവനന്തപുരം വഴുതക്കാട് G.B1 Nikumjanam Royale ൽ Mr.K.Kurien Issac ന്റെയും Mrs. Anitha Elizabeth Kurien ന്റെയും മകൾ Sara Susan Kurien ഉം തമ്മിൽ 2017April 17-ാം തീയതി നമ്മുടെ പള്ളിയിൽ വിവാഹിതരായി.



2. തടത്തിൽ Mr. Shajan Abraham ന്റെയും Mrs. Suja Abraham ന്റെയും മകൻ Abraham Marcus ഉം Kokkamangalam Chennoth Mr. Antony C. Varghese ന്റെയും Mrs. Laly Antony യുടെയും മകൾ Linju Antony ഉം തമ്മിൽ 2017 April 27-ാം തീയതി നമ്മുടെ പള്ളിയിൽ വച്ച് വിവാഹിതരായി.
3. മാളിയേക്കൽ Mr. M.T. Jacob ന്റെയും Mrs. Cicily Jacob ന്റെയും മകൾ Ritty Jacob ഉം മണർകാട് കാണക്കാലിൽ Mr. K.T. Scaria യുടെയും Mrs. Sosamma Scaria യുടെയും മകൻ Lalumon Scaria ഉം തമ്മിൽ മണർകാട് St. Mary's Jacobite Cathedral ൽ 2017 May 1-ാം തീയതി വിവാഹിതരായി.
4. എലിമുള്ളിൽ Mr. Rajan John ന്റെയും Mrs. Mariamma John ന്റെയും മകൻ Suraj Rajan John ഉം Texas 719 Nigthawk Drive ൽ Mr. Johnson Jacob ന്റെയും Mrs. Happy Johnson ന്റെയും മകൾ Anju Ann Johnson ഉം തമ്മിൽ 2017 May 27-ാം തീയതി നമ്മുടെ പള്ളിയിൽ വച്ച് വിവാഹിതരായി.

**ഇടവകയുടെ ആശംസകൾ**

# നിര്യാതരായവർ

1. വഴിയമ്പലത്തിൽ Mr. Johnson Uthup (62) 2017 May 23 ന് നിര്യാതനായി. 2017 May 24 ന് ശവസംസ്ക്കാരം നമ്മുടെ പള്ളിയിൽ നടത്തി.

2. ചക്കാലയിൽ Mrs. Remany John (78) 2017 June 3 ന് നിര്യാതയായി. 2017 June 5 ന് ശവസംസ്ക്കാരം നമ്മുടെ പള്ളിയിൽ നടത്തി.

3. ആന്തേരിൽ Mrs. Ammini George (86) 2017 June 16 ന് നിര്യാതയായി. 2017 June 18 ന് ശവസംസ്ക്കാരം നമ്മുടെ പള്ളിയിൽ നടത്തി.

4. ശ്രേയസ് വില്ലയിൽ Mr. Jacob Iype (62) 2017 June 26 ന് നിര്യാതനായി. 2017 June 29 ന് ശവസംസ്ക്കാരം നമ്മുടെ പള്ളിയിൽ നടത്തി.

**ദുഃഖിച്ചിരിക്കുന്ന പ്രിയപ്പെട്ടവരെ**
**ഇടവകയുടെ അനുശോചനം അറിയിക്കുന്നു**



# ഏരിയാ പ്രാർത്ഥനകൾ 2017

## പള്ളിഭാഗം

| | | | |
|---|---|---|---|
| ജൂലൈ 09 | ഞായർ | 4.30 പി.എം. | ഡോ. മാമ്മൻ ഫിലിപ്പ്<br>ആറങ്ങാട്ട്<br>2562106 |
| ജൂലൈ 16 | ഞായർ | 4.30 പി.എം. | ശ്രീ. ഈശോ ഐസക്ക്<br>പഴവരിക്കൽ<br>2564089 |
| ജൂലൈ 30 | ഞായർ | 4.30 പി.എം. | ശ്രീമതി. മേരി തോമസ്<br>ഈരയിൽ<br>2300446 |
| ആഗസ്റ്റ് 13 | ഞായർ | 4.30 പി.എം. | ശ്രീ. വർഗ്ഗീസ് പി. ഏബ്രഹാം<br>പുളിയിലേത്ത്<br>2567585 |
| ആഗസ്റ്റ് 27 | ഞായർ | 4.30 പി.എം. | ശ്രീ. സൂരി റ്റൈറ്റസ്<br>പാലക്കുന്നത്ത്<br>9447585606 |
| സെപ്റ്റംബർ 17 | ഞായർ | 4.30 പി.എം. | ശ്രീമതി. അമ്മിണി സാമുവേൽ<br>കൊച്ചുപുരയിൽ<br>2584487 |

## അറുത്തൂട്ടി, ചുങ്കം

| | | | |
|---|---|---|---|
| ജൂലൈ 2 | ഞായർ | 5.30 പി.എം. | ശ്രീ. ഫിലിപ്പ് മാത്യു<br>കുഴിവേലിൽ<br>താഴത്തങ്ങാടി |
| ഓഗസ്റ്റ് 6 | ഞായർ | 5.30 പി.എം. | ശ്രീമതി കൊച്ചാഷീമ<br>തടത്തിൽ<br>ചാലുകുന്ന് |
| സെപ്റ്റംബർ 3 | ഞായർ | 5.30 പി.എം. | ശ്രീ. ജോൺ കെ. സാം<br>പുത്തൻ ബംഗ്ലാവ്<br>Near C.M.S. College |

## മുട്ടമ്പലം, കഞ്ഞിക്കുഴി വെസ്റ്റ്

| | | | |
|---|---|---|---|
| ജൂലൈ 9 | ഞായർ | 3.30 പി.എം. | ശ്രീ. ജോൺ ഏബ്രഹാം<br>പ്ലാംതോട്ടത്തിൽ<br>മുട്ടമ്പലം |
| ജൂലൈ 23 | ഞായർ | 3.30 പി.എം. | ശ്രീമതി സൂസി ഐസക്ക്<br>പാലത്തിങ്കൽ<br>മുട്ടമ്പലം |
| ആഗസ്റ്റ് 13 | ഞായർ | 3.30 പി.എം. | ശ്രീ. ഏബ്രഹാം കോര<br>വെള്ളാപ്പള്ളിൽ<br>മുട്ടമ്പലം |



| | | | |
|---|---|---|---|
| ആഗസ്റ്റ് 27 | ഞായർ | 3.30 പി.എം. | ശ്രീ. മോഹൻ ഏബ്രഹാം<br>വാഹനാട്ട്<br>മുട്ടമ്പലം |
| സെപ്റ്റംബർ 10 | ഞായർ | 3.30 പി.എം. | റവ. ഡോക്ടർ എം.ജെ. ജോസഫ്<br>മാന്താനത്ത്<br>മുട്ടമ്പലം |
| സെപ്റ്റംബർ 24 | ഞായർ | 3.30 പി.എം. | ശ്രീമതി അന്നമ്മ തോമസ്<br>കല്ലുപുരക്കൽ തടത്തിൽ<br>മുട്ടമ്പലം |

## വാരിശ്ശേരി, കുടയംപടി, കുടമാളൂർ

| | | | |
|---|---|---|---|
| ജൂലൈ 2 | ഞായർ | 3.00 പി.എം. | ഡോ. ജെ.സി. ചെറിയാൻ<br>കോലത്ത്<br>9-C-Century Towers<br>കോട്ടയം<br>9947363305 |
| ആഗസ്റ്റ് 6 | ഞായർ | 3.00 പി.എം. | ശ്രീമതി മറിയാമ്മ തോമസ്<br>മുരുപ്പേൽ<br>വാരിശ്ശേരി<br>9400618333 |

| | | | |
|---|---|---|---|
| സെപ്റ്റംബർ 3 | ഞായർ | 3.00 പി.എം. | ശ്രീ. എം.ജെ. ഫിലിപ്പ്<br>മരിയാൻ<br>വാരിശ്ശേരി<br>9961508594 |

## ബേക്കർ ഹിൽ, അണ്ണാൻകുന്ന്, മറ്റീത്ര തോപ്പ്

| | | | |
|---|---|---|---|
| ജൂലൈ 23 | ഞായർ | 5.00 പി.എം. | ശ്രീ. ജോൺ കോശി<br>പുല്ലുകാലായിൽ<br>അണ്ണാൻകുന്ന്<br>9847056328<br>2563741 |
| ആഗസ്റ്റ് 27 | ഞായർ | 5.00 പി.എം. | ശ്രീമതി അന്നമ്മ സാമുവൽ<br>പുല്ലുകാലായിൽ<br>പനയക്കഴിപ്പ്<br>9995768223 |
| സെപ്റ്റംബർ 24 | ഞായർ | 5.00 പി.എം. | ശ്രീ. തോമസ് ടി. പുന്നൻ<br>തൊണ്ണൻ തറ വീട്<br>അണ്ണാൻകുന്ന്<br>9446039223<br>2569227 |



## എസ്.എച്ച്. മൗണ്ട്, നാഗമ്പടം

| | | | |
|---|---|---|---|
| ജൂലൈ 7 | വെള്ളി | 3.00 പി.എം. | ശ്രീമതി തങ്കമ്മ ജേക്കബ്<br>പാലത്തിങ്കൽ<br>കുമാരനല്ലൂർ<br>2312382 |
| ആഗസ്റ്റ് 27 | ഞായർ | 3.30 പി.എം. | ശ്രീ. തോമസ് ജോർജ്<br>കക്കുഴിയിൽ<br>നാഗമ്പടം<br>256216, 9447155504 |
| സെപ്റ്റംബർ 24 | ഞായർ | 3.30 പി.എം. | ശ്രീ. കെ. ഏലിയാസ് വറുഗ്ഗീസ്<br>കക്കുഴിയിൽ<br>നാട്ടകം<br>മറിയപ്പള്ളി<br>9947439710 |

## നാട്ടകം, മറിയപ്പള്ളി, പള്ളം, പാക്കിൽ

| | | | |
|---|---|---|---|
| ജൂലൈ 11 | ചൊവ്വ | 4.30 പി.എം. | ശ്രീ. ടി.സി. തോമസ് തയ്യിൽ<br>തെക്കേക്കാലായിൽ<br>പാക്കിൽ<br>2361249 |

| | | | |
|---|---|---|---|
| ആഗസ്റ്റ് 8 | ചൊവ്വ | 4.30 പി.എം. | ശ്രീ. ടോജി മാത്യൂസ്<br>മൂലപേരൂർ<br>പാക്കിൽ<br>2432546 |

## മൂലേടം

| | | | |
|---|---|---|---|
| ജൂലൈ 13 | വ്യാഴം | 4.30 പി.എം. | ശ്രീ. ഫിലിപ്പ് സി. ഈപ്പൻ<br>കൊല്ലംപറമ്പിൽ<br>നാൽക്കവല, കൊല്ലാട്<br>9446561552 |
| ആഗസ്റ്റ് 10 | വ്യാഴം | 4.30 പി.എം. | ശ്രീ. പി.ഐ. മാണി<br>പുകടിയിൽ<br>കൊല്ലാട്<br>9447163233 |
| സെപ്റ്റംബർ 14 | വ്യാഴം | 4.30 പി.എം. | അദ്ധ്യ. സി.എം. കോര<br>മംഗലത്ത്<br>മൂലേടം<br>2340724<br>9605420208 |

## യൂണിയൻ ക്ലബ്, കാരാപ്പുഴ, തിരുവാതുക്കൽ

| | | | |
|---|---|---|---|
| ജൂലൈ 2 | ഞായർ | 4.30 പി.എം. | ശ്രീ. ബന്നി ആൻഡ്രൂസ്<br>തയ്യിൽ<br>കാരാപ്പുഴ 16ൽ ചിറ |



| | | | |
|---|---|---|---|
| ജൂലൈ 16 | ഞായർ | 4.30 പി.എം. | ശ്രീ. റ്റി.പി. തോമസ്<br>തടത്തിൽ<br>പുത്തനങ്ങാടി |
| ആഗസ്റ്റ് 20 | ഞായർ | 4.30 പി.എം. | ശ്രീ. ബാബു തോമസ്<br>മാളിയേക്കൽ<br>Near Childrens Library |
| സെപ്റ്റംബർ 3 | ഞായർ | 4.30 പി.എം. | ഡോ. എ.വി. ജോസഫ്<br>പാണ്ടൻപടവിൽ<br>തിരുവാതുക്കൽ |
| സെപ്റ്റംബർ 17 | ഞായർ | 4.30 പി.എം. | ശ്രീമതി ഏലിസബത്ത് തോമസ്<br>പറങ്ങോട്ട്<br>Near Union Club |

## കോടിമത, തിരുനക്കര

| | | | |
|---|---|---|---|
| ജൂലൈ 9 | ഞായർ | 5.30 പി.എം. | ശ്രീമതി ഷേർളി എബ്രാഹം<br>അറയ്ക്കൽ ഹൗസ് |
| ആഗസ്റ്റ് 13 | ഞായർ | 5.30 പി.എം. | ശ്രീമതി വൽസ ഐസക്ക്<br>പാലത്തിങ്കൽ |
| സെപ്റ്റംബർ 10 | ഞായർ | 5.30 പി.എം. | ശ്രീമതി സാറാമ്മ മാത്യു<br>ചീരൻസ് ഹൗസ് |

## ചെല്ലിയൊഴുക്കം - എം.റ്റി. സെമിനാരി

| | | | |
|---|---|---|---|
| ജൂലൈ 9 | ഞായർ | 4.30 പി.എം. | ശ്രീമതി ഏലിസബേത്ത് മോനി തോമസ്<br>പുകടിയിൽ |
| സെപ്റ്റംബർ 10 | ഞായർ | 4.30 പി.എം. | ശ്രീ. ജോർജ് ഐപ്പ്<br>പാലത്തിങ്കൽ |

## ദീപ്തിനഗർ - കഞ്ഞിക്കുഴി

| | | | |
|---|---|---|---|
| ജൂലൈ 16 | ഞായർ | 3.30 പി.എം. | ശ്രീ. ജോർജ് മാത്യു<br>ശങ്കരമംഗലത്ത്<br>കഞ്ഞിക്കുഴി<br>2578446 |
| ആഗസ്റ്റ് 20 | ഞായർ | 3.30 പി.എം. | ശ്രീ. മാത്യു ജോൺ<br>കാരൂർ ഹൗസ്<br>No. M-13, ദീപ്തിനഗർ<br>കോട്ടയം<br>8281170857 |
| സെപ്റ്റംബർ 17 | ഞായർ | 3.30 പി.എം. | ശ്രീ. പി. തോമസ് മാത്യു<br>പാലക്കുന്നത്ത് ഫ്ളാറ്റ് നം. 1എ<br>നീലിമാ ക്ലാസിക്ക്<br>കഞ്ഞിക്കുഴി<br>2571710 |



## വടവാതൂർ - മണർകാട്

| | | | |
|---|---|---|---|
| ജൂലൈ 16 | ഞായർ | 3.30 പി.എം. | ശ്രീമതി ലേയാമ്മ ജോൺസൺ<br>വഴിയമ്പലത്തിൽ<br>തലപ്പാടി |
| ആഗസ്റ്റ് 20 | ഞായർ | 3.30 പി.എം. | ശ്രീ. വി.യു. കുര്യൻ<br>വഴിയമ്പലത്തിൽ<br>മീനടം |
| സെപ്റ്റംബർ 17 | ഞായർ | 3.30 പി.എം. | ശ്രീ. ജോണി<br>പുതുപറമ്പിൽ<br>9744265206 |

## കളത്തിപ്പടി - മാങ്ങാനം

| | | | |
|---|---|---|---|
| ജൂലൈ 11 | ചൊവ്വാ | 5.00 പി.എം. | ശ്രീ. സി.ഐ. ചെറിയാൻ<br>ചക്കാലയിൽ |
| ആഗസ്റ്റ് 8 | ചൊവ്വാ | 5.00 പി.എം. | ശ്രീ. പി.റ്റി. ഗീവർഗീസ്<br>പത്തിച്ചേരിൽ |
| സെപ്റ്റംബർ 12 | ചൊവ്വാ | 5.00 പി.എം. | ശ്രീ. എം.റ്റി. ജേക്കബ്<br>മാളിയേക്കൽ |

## കീഴ്ക്കുന്ന് ഇറഞ്ഞാൽ

| | | | |
|---|---|---|---|
| ജൂലൈ 8 | ശനി | 4.30 പി.എം. | ശ്രീമതി സൂസമ്മ ഐപ്പ് തടത്തിൽ |
| ആഗസ്റ്റ് 12 | ശനി | 4.30 പി.എം. | ശ്രീ. വി.ജെ. സക്കറിയ വൻകരിമ്പിൽ |
| സെപ്റ്റംബർ 9 | ശനി | 4.30 പി.എം. | പ്രൊഫ. ജേക്കബ് ജോർജ് ഒഴത്തിൽ |

**Sextons Telephone Number**

**P.C. Thampan - Mob: 9446289090**

**James Samuel - Mob: 9446124717**



## യെരുശലേം മാർത്തോമ്മാ ചർച്ച്

### കോട്ടയം

### ആരാധന, സംഘടനാ മീറ്റിംഗുകൾ എന്നിവയുടെ സമയ വിവരങ്ങൾ

**ആരാധനാ സമയം**

| | | |
|---|---|---|
| 1-ാം ഞായറാഴ്ച | വി.കുർബ്ബാന............................... | 07.30 am |
| 2, 3, 4, 5 ഞായറാഴ്ചകൾ | വി.കുർബ്ബാന.............................. | 08.30 am |
| 2, 4 ഞായറാഴ്ചകൾ | വി.കുർബ്ബാന (ഇംഗ്ലീഷ്)......... | 07.00 am |
| 2-ാം ശനിയാഴ്ച | വി.കുർബ്ബാന.............................. | 07.30 am |

**മദ്ധ്യസ്ഥ പ്രാർത്ഥ**

ചൊവ്വാഴ്ചതോറും മദ്ധ്യസ്ഥ പ്രാർത്ഥന പള്ളിയിൽ.......... 10.00 am

**സംഘടനകൾ**

| | | |
|---|---|---|
| സണ്ടേസ്കൂൾ | **ആരാധനാനന്തരം** | |
| യുവജനസഖ്യം | വേദപഠനക്ലാസ്സ് | |
| | ഞായറാഴ്ചതോറും ആരാധനയ്ക്കു ശേഷം പള്ളിയിൽ | |
| ഗായകസംഘം | **ഗാനപരിശീലനം** | |
| | ഞായറാഴ്ചതോറും പള്ളിയിൽ ആരാധനാനന്തരം | |
| | ശനിയാഴ്ചതോറും പള്ളിയിൽ | 04.30 pm |
| സേവികാസംഘം | **വേദപഠനക്ലാസ്സ്** | |
| | ചൊവ്വാഴ്ചതോറും, കുടമാളൂർ | 03.30 pm |
| | കാരാപ്പുഴ തിരുവാതുക്കൽ | 04.30 pm |
| | വ്യാഴാഴ്ചതോറും കഞ്ഞിക്കുഴി പുത്തൻപറമ്പിൽ ശ്രീമതി കുഞ്ഞമ്മ വർഗ്ഗീസിന്റെ ഭവനത്തിൽ......................... | 03.00 pm |
| | വ്യാഴാഴ്ചതോറും കോടിമത പ്രയർഹാളിൽ......................... | 04.30 pm |
| | വെള്ളിയാഴ്ചതോറും പള്ളിയിൽ | 10.00 pm |




**ബൈബിൾ ക്വിസ് 84**

**കർത്താവായ യേശുക്രിസ്തുവിന്റെ പീഢാനുഭവവുമായി ബന്ധപ്പെട്ട വേദഭാഗങ്ങൾ**

1. "ഞാൻ ഇടയനെ വെട്ടും. കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും" എന്നെഴുതിയിരിക്കുന്ന പഴയ നിയമത്തിലെ വേദഭാഗം ഏതാണ്?
2. സന്ദർഭം വിശദമാക്കുക.
   "നഗരത്തിൽ ചെല്ലുവിൻ. അവിടെ ഒരു കുടം വെള്ളം ചുമന്നു കൊണ്ട് ഒരു മനുഷ്യൻ നിങ്ങളെ എതിർപെടും".
3. "നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ". ആര് ആരോട് പറഞ്ഞു?
4. ക്രൂശിൽ കിടന്നപ്പോൾ യേശുവിന്റെ ആദ്യമൊഴി ഏതാണ്?
5. യേശു കഴുതപ്പുറത്ത് യരുശലേമിൽ കടന്നപ്പോൾ പുരുഷാരം എന്താണ് പറഞ്ഞത്?
6. സന്ദർഭം വിശദമാക്കുക.
   "പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും?"
7. "ആ മനുഷ്യൻ ഇതാ". ആര് ആരോട് ആരെക്കുറിച്ചാണ് ഇപ്രകാരം പറഞ്ഞത്?
8. ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യം കണ്ടത് ആരാണ്?
9. "പരസ്പര വൈരികൾ ആയിരുന്ന രണ്ടുപേർ യേശുവുമായുള്ള ബന്ധത്തിൽ സ്നേഹിതരായിത്തീർന്നു". ആരാണ് ഈ രണ്ടു പേർ?
10. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| 1. മുപ്പത് വെള്ളിക്കാശ് | a) പുതിയ കല്ലറ |
| 2. ഗൊൽഗൊഥാ | b) ക്രൂശിലെ മേലെഴുത്ത് |
| 3. അരിമഥ്യക്കാരൻ യോസഫ് | c) രക്തനിലം |
| 4. യഹൂദന്മാരുടെ രാജാവായ യേശു | d) തലയോടിടം |
| | e) മുൾക്കിരീടം |



തയ്യാറാക്കിയത്
***ശ്രീമതി അനുകോവൂർ***

*ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ തരുന്നവർ ദൂതൻ പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ഓഫീസിൽ എത്തിയ്ക്കേണ്ടതാണ്.*

## ബൈബിൾ ക്വിസ് 83 (സംഖ്യാപുസ്തകം)

**ശരിയുത്തരങ്ങൾ**

1. എലീസൂർ (സംഖ്യാ 1:5)
2. രൂബേൻ (സംഖ്യാ 1:20)
3. സംഖ്യാ 3:4
4. കെഹാത്യർ (സംഖ്യാ 4:15)
5. സംഖ്യാ 6:2 മുതൽ
6. സംഖ്യാ 8:24
7. സംഖ്യാ 7:89
8. ലേവ്യർ (സംഖ്യാ 8:14)
9. അഹരോൻ (സംഖ്യാ 8:21)
10. (സംഖ്യ 10:35)

## ബൈബിൾ ക്വിസ് 83




**വിജയികൾ**

1. **ശ്രീമതി. കുഞ്ഞുഞ്ഞമ്മ വർഗ്ഗീസ്** പുത്തൻപറമ്പിൽ
2. **ശ്രീമതി. മാഗി ഐപ്പ്**, അറയ്ക്കൽ
3. **ശ്രീമതി. ലില്ലിക്കുട്ടി വർഗ്ഗീസ്** വെട്ടുവേലി മലയിൽ
4. **ശ്രീമതി. ലൗലി ബാബു,** മാളിയേക്കൽ
5. **ശ്രീമതി. ജോളി ഇടിക്കുള** പുല്ലുകാലായിൽ
6. **ശ്രീമതി. വത്സാ ചെറിയാൻ** കോലത്ത് - പനംപുന്ന
7. **ശ്രീമതി. ജസ്സി രാജു,** തോട്ടുങ്കൽ
8. **ശ്രീമതി. സൂസൻ പുന്നൂസ്,** പറങ്ങോട്ട്
9. **ശ്രീമതി. മോളി ഐപ്പ്,** അറയ്ക്കൽ